കാര്യത്തിൽ യഥാസ്ഥിതികാഭിപ്രായങ്ങൾ പുലർത്തുന്നവരാണെന്നാണ്. സർവേയ്ക്കു വിധേയരായ കുട്ടികളിൽ അഞ്ചിൽ മൂന്നുപേരും വിവാഹത്തിനുമുമ്പ് ലൈംഗികവേഴ്ചയ്ക്ക് എതിരായിരുന്നു. വിവാഹത്തിൽ നിന്നു പ്രതീക്ഷിക്കുന്ന സൗഖ്യം ലഭിക്കാത്തവർക്ക് എളുപ്പത്തിൽ വിവാഹമോചനം നേടാൻ കഴിയണമെന്നു വാദിച്ചപ്പോഴും തന്നെ, മാതാപിതാക്കളുടെ വിവാഹമോചനം കുട്ടികൾക്ക് ശാശ്വതമായ വൈകാരിക വൈഷമ്യങ്ങൾ സൃഷ്ടിക്കുമെന്ന അഭിപ്രായക്കാരായിരുന്നു, ഈ കുട്ടികളിൽ അറുപത്തിനാലു ശതമാനം പേരും. ജീവപര്യന്തം ഒരുമിച്ചു പാർക്കാൻ തയ്യാറല്ലാത്ത സ്ത്രീപുരുഷന്മാർ വിവാഹംകഴിക്കരുത് എന്നായിരുന്നു മൂന്നിൽ രണ്ടുഭാഗം കുട്ടികളുടെയും ദൃഢാഭിപ്രായം.

സാമൂഹ്യശാസ്ത്രജ്ഞർ, ജനസംഖ്യാ ശാസ്ത്രജ്ഞർ, ധനശാസ്ത്രജ്ഞർ, മനശ്ശാസ്ത്രജ്ഞർ, മതചിന്തകർ, നിയമസഭാംഗങ്ങൾ, പൊതുനയം സംബന്ധിച്ച് ഗവേഷണം നടത്തുന്നവർ, ഇൻഷ്വറൻസ് കമ്പനിക്കാർ പല വീക്ഷണകോണങ്ങളിൽനിന്നു വിവാഹത്തിന്റെ പ്രശ്നങ്ങളെ നിരീക്ഷിക്കുകയും പഠിക്കുകയും ഗ്രന്ഥങ്ങൾ രചിക്കുകയുംചെയ്യുന്നവർ പാശ്ചാത്യ സമൂഹങ്ങളിൽ ഏറെയുണ്ട്. ഇവർക്കിടയിൽ ഏകാഭിപ്രായം ഉണ്ടാവുക പ്രയാസം. പക്ഷേ, വസ്തുതകളെ സംബന്ധിച്ചിടത്തോളം ഇവരെല്ലാം ഏറെക്കുറെ യോജിക്കുന്നു.

ഭാരതീയസമൂഹം ഇരുപത്തൊന്നാം നൂററാണ്ടിലേക്കു കടക്കുവാൻ ശ്രമിക്കുകയാണല്ലോ. ഇരുപത്തൊന്നാം നൂററാണ്ടിലേക്കു കടക്കുക എന്നതിന്നർത്ഥം നമ്മെ സംബന്ധിച്ചിടത്തോളം പാശ്ചാത്യമാതൃകകളെ ബോധപൂർവം പിന്തുടരുക എന്നാണ്. ഇന്ത്യയിലും, പരിവർത്തനങ്ങളുടെ ചുഴിയിൽപ്പെട്ടു കറങ്ങുകയാണു വിവാഹമെന്ന പ്രശ്നം. വിവാഹം രണ്ടു വ്യക്തികൾ തമ്മിലുള്ള ഒരു കരാറു മാത്രമാണെന്നും, വിവാഹമോചനം നല്ലപ്പെട്ട സ്ത്രീയെയും അവളുടെ സന്താനങ്ങളെയും സംരക്ഷിക്കേണ്ടതു സ്ത്രീയുടെ പിറന്ന (മരുമക്കത്തായ)വീട്ടിലെ അംഗങ്ങളുടെ ചുമതലയാണെന്നുമുള്ള ശരിയത്ത് അനുകൂലികളുടെ വാദം നാം ധാരാളമായി കേട്ടുകൊണ്ടിരിക്കുന്നു. വിവാഹത്തിൽ ഇന്നത്തെ അമേരിക്കൻ—സ്വീഡിഷ്—ഡാനിഷ് മാതൃക നാം കൈക്കൊള്ളുന്നപക്ഷം, അതേറെക്കുറെ, സർ സി. ശങ്കരൻ നായർ മദ്രാസ് നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയ ഒരു നിയമത്തിലൂടെ നിയമസാധുത നേടും മുമ്പ് കേരളത്തിലെ മരുമക്കത്തായകുടുംബങ്ങളിൽ നിലവിലിരുന്ന വിവാഹസമ്പ്രദായത്തിലേക്കുള്ള ഒരു തിരിച്ചുപോക്കായിരിക്കും.

(ആധാരം: ക്രിസ്ത്യൻ സയൻസ് മോണിററിൽനിന്ന് 1986 ജനുവരി 5-ലെ 'ഹിന്ദു'വിൽ ഉദ്ധരിച്ചിരുന്ന ലേഖനം.)

6–1–1986

# 25. എളിമജീവിതം

ദരിദ്രൻ മിതവ്യയം ശീലിക്കുന്നതിൽ അസാധാരണത ഒന്നുമില്ല. എന്നാൽ, സമ്പന്നന്റെ മിതവ്യയം ശ്രദ്ധാർഹമാണ്. അമേരിക്കക്കാരെപ്പോലെ ഏററവുമധികം സമ്പാദിക്കുകയും ഏററവുമധികം ചെലവഴിക്കുകയുംചെയ്യുന്നതാണ് യോഗ്യത എന്നു കരുതുന്ന ഒരു സമൂഹത്തിൽ മിതവ്യയം ഒരാദർശമാക്കിപ്പോരുന്ന ധാരാളം ജനങ്ങളുണ്ടെന്നും, ഇവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുവരികയാണെന്നും അറിയുമ്പോൾ,

ഈ പ്രതിഭാസത്തെപ്പററി കൂടുതൽ ചിന്തിക്കുവാൻ നാം നിർബന്ധി തരായിത്തീരുന്നു.

അമേരിക്കയിലെ സ്റ്റാൻഫോർഡ് റിസർച്ച് ഇൻസ്റ്റിററ്യൂട്ട് നട ത്തിയ ഒരു പഠനമനുസരിച്ച്, എളിയ ജീവിതം ഒരു വ്രതമായി സ്വീക രിച്ച അമ്പതുലക്ഷത്തോളം യുവാക്കളും യുവതികളും ഇപ്പോൾത്തന്നെ അമേരിക്കൻ ഐക്യനാടുകളിലുണ്ട്. പൂർണമായി 'എളിമവ്രതം' സ്വീക രിച്ചുകഴിഞ്ഞിട്ടില്ലെങ്കിലും അതിന്റെ തത്ത്വങ്ങളിൽ പലതും പ്രായോ ഗികമാക്കിക്കൊണ്ടിരിക്കുന്നവരുടെ സംഖ്യ അവിടെ ഒരുകോടിയിൽ അധികം വരും.

വ്യവസായവത്കൃതസമൂഹത്തിന്റെ അത്യുപഭോഗജീവിതരീതി ക്കെതിരായി ഇടത്തരക്കാരുടെ ഒരു പ്രസ്ഥാനമെന്ന നിലയിലാണ് 1950–60 കളിൽ 'എളിമജീവിതം' പ്രസിദ്ധിയാർജിച്ചതു്. സുഖസമൃ ദ്ധിയിലും സാമ്പത്തികഭദ്രതയിലുമുള്ള ഊന്നൽ വിട്ട്, 'ജീവിതഗുണ' (Quality of life)ത്തിൽ ഊന്നിത്തുടങ്ങിയതിന്റെ, ഭൗതികവാദയുഗ ത്തിൽനിന്ന് ഭൗതികവാദാനന്തരയുഗത്തിലേക്കു മനുഷ്യവർഗം പ്രവേ ശിക്കുന്നതിന്റെ, ലക്ഷണമായി ഈ പ്രതിഭാസത്തെ മിഷിഗൻ യൂണി വേഴ്സിററിയിലെ പ്രൊഫസ്സർ റോണാൾഡ് ഇൻഗ്ൾഹാർട്ട്(Ronald Inglehart) തന്റെ 'നിശ്ശബ്ദവിപ്ലവം' (The Silent Revolution) എന്ന ഗ്രന്ഥത്തിൽ ചിത്രീകരിച്ചിട്ടുണ്ട്.

സമ്പന്നരായ പല അമേരിക്കക്കാരുടെയും ഉടുപ്പുകളിൽ അവിടവി ടെ കീറിത്തയ്ച്ച പാടുകൾ 1960–കളിൽ കണ്ടുതുടങ്ങി. അത്യാവശ്യമ ല്ലാത്ത സാധനങ്ങൾ വേണ്ടെന്നുവെക്കുക, ഒരേ സാധനങ്ങൾ കൂടുതൽ കാലം ഉപയോഗപ്പെടുത്തുക, തങ്ങൾക്കുള്ള സൗകര്യങ്ങൾ മററുള്ളവരുമാ യി പങ്കിടുക, സാധനങ്ങൾ സ്വയം നിർമിക്കുക മുതലായവയായിരുന്നു ഈ 'പ്രസ്ഥാന'ത്തിന്റെ മററു ചില ലക്ഷണങ്ങൾ. ഇതൊക്കെ അമേ രിക്കയിലെ പ്രതിശീർഷവരുമാനം കുത്തനെ കയറിക്കൊണ്ടിരുന്ന ഒരു കാലത്തായിരുന്നു എന്നോർക്കണം.

1970–കളായതോടെ മിതവ്യയപ്രസ്ഥാനത്തിന്റെ രൂപത്തിൽ വലിയൊരു മാററം വന്നുചേർന്നു. ആസന്നമെന്നു തോന്നിയ ലോകസാമ്പ ത്തികത്തകർച്ചയിൽ ആശങ്കാകുലരായ അനവധിപ്പേർ ഈ പ്രസ്ഥാന ത്തിന്റെ അനുയായികളായി. ഭൗതികവിഭവങ്ങളുടെ ദുർലഭ്യത, പെ ട്രോൾവിലയിൽ വന്ന വർദ്ധന, നിലയ്ക്കാത്ത നാണയപ്പെരുപ്പം, പെരു കുന്ന തൊഴിലില്ലായ്മ, അനുകൂലമല്ലാത്ത വ്യാപാരശിഷ്ടം, ഡോളറിന്റെ വിലയിടിവ് മുതലായവ നിമിത്തം അമേരിക്കൻ സാമ്പത്തികവിദഗ്ധ ന്മാർ തങ്ങളുടെ രാഷ്ട്രത്തിന്റെ വിഭവശേഷിയെപ്പററി സമഗ്രമായി പഠിക്കാൻ തുടങ്ങി. എല്ലാ രംഗങ്ങളിലും ഉപഭോഗം കുറച്ചേ രക്ഷയുള്ളു എന്ന നിഗമനത്തിലാണ് അവർ എത്തിച്ചേർന്നതു്. 1980–കളിൽ പാശ്ചാത്യരാഷ്ട്രങ്ങളിൽ പൊതുവെ സാമ്പത്തികവൃദ്ധിയുടെ വേഗം കുറ യാനാണ് സാധ്യത എന്നു കരുതപ്പെട്ടു. ഈ പശ്ചാത്തലത്തിൽ, കൂടുതൽ കൂടുതൽ വ്യക്തികൾ മിതവ്യയജീവിതരീതിയിലേക്ക് ആകർഷിക്ക പ്പെടുന്നതിൽ അത്ഭുതമില്ല.

എളിമജീവിതം സ്വേച്ഛയാ സ്വീകരിക്കുന്ന അമേരിക്കക്കാരിലധി കവും അഭ്യസ്തവിദ്യരും നല്ല വരുമാനമുള്ളവരും നഗരവാസികളും ആയ യുവാക്കളാണ്. 'പുറമേയ്ക്കു എളിയതെങ്കിലും ഉള്ളിൽ അത്യന്തം സമ്പ ന്നമായ' ഒരു ജീവിതരീതിയുടെ ആകർഷണമാണ് ഇവരെ എളിമ സ്വയം കൈവരിക്കാൻ പ്രേരിപ്പിക്കുന്നതു്. സങ്കീർണവും നാമരഹിത വും കൃത്രിമവും മനുഷ്യത്വശൂന്യവും വ്യയബഹുലവും ചരടുവലികൾ നിറഞ്ഞതുമായ സമ്പന്ന ഭൗതികജീവിതം അവർക്കു തൃപ്തി നൽകുന്നില്ല.

കഴിയുന്നത്ര പ്രകൃത്യനുസൃതമായി ജീവിച്ച് സ്വന്തം ആത്മാവിന്റെ അനന്തവിശാലതകഠം സഞ്ചരിച്ചുകാണുവാൻ അവർ ആഗ്രഹിക്കുന്നു. അമേരിക്കയിൽ ഇത്തരം എളിമജീവിതവ്രതക്കാരുടെ എണ്ണം പത്തു കൊല്ലം കഴിഞ്ഞ് 1987—ൽ രണ്ടരക്കോടിയും, 2000—മാണ്ടിൽ ആറു കോടിയും ആകുമെന്നും, ഏതാണ്ട് ഇത്രയും പേർകൂടി ഭാഗികമായി ഈ ജീവിതരീതി സ്വീകരിച്ചേക്കുമെന്നും സ്റ്റാൻഫോർഡ് റിസർച്ച് ഇൻസ്റ്റിററ്യൂട്ടുകാർ പ്രവചിച്ചിട്ടുണ്ട് ഈ പ്രവചനത്തെ പിൻതാങ്ങുന്നവയാണ് അടുത്തകാലത്ത് അമേരിക്കയിൽ നടത്തിയ ചില അഭിപ്രായവോട്ടെടുപ്പുകഠം. ഭൗതികവിഭവങ്ങളുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനേക്കാഠം പ്രാധാന്യം വ്യക്തികഠം തമ്മിലും സമൂഹത്തിനുള്ളിലുമുള്ള സമ്പർക്കങ്ങളെ മെച്ചപ്പെടുത്തുന്നതിനാണെന്ന് അധികം ജനങ്ങളും, കരുതുന്നതായി ഈ വോട്ടെടുപ്പുകഠം തെളിയിച്ചു. സാധനങ്ങളുടെ എണ്ണമല്ല, ജീവിതത്തിന്റെ ഗുണമാണ് വർദ്ധിപ്പിക്കേണ്ടത്. അമേരിക്കക്കാരുടെ മൂല്യബോധത്തിലും അഭിലാഷങ്ങളിലും നിശ്ശബ്ദമായ ഒരു വിപ്ളവം വന്നുകൊണ്ടിരിക്കുന്നു എന്ന് ഇതെല്ലാം കാണിക്കുന്നു.

സാധാരണ അമേരിക്കൻപൗരന്മാരുടെ മനോഭാവത്തിൽ ഈ പരിവർത്തനം വരുത്താൻ സഹായിച്ച ചില ഗ്രന്ഥങ്ങളെ കുറിച്ചുകൂടി ഇവിടെ പറയേണ്ടതുണ്ട്. 'റോമിലെ ക്ലബ്ബ്' (Club of Rome) എന്ന പേരിൽ അറിയപ്പെടുന്ന ശാസ്ത്രജ്ഞന്മാർ ചേർന്ന് 1972—ൽ പ്രസിദ്ധപ്പെടുത്തിയ 'വൃദ്ധിയുടെ അതിരുകഠം' (The Limits of Growth) എന്ന ഗ്രന്ഥമാണ്, ഭൂമിയിലെ വിഭവങ്ങഠം പരിമിതങ്ങളാണെന്നും, ഖനനം, വ്യവസായവത്ക്കരണം, യന്ത്രവത്കൃത കൃഷി എന്നിവയും ജനസംഖ്യാസ്ഫോടനവും ഇന്നത്തെ നിലയിൽ തുടർന്നാൽ ഏതാനും വർഷങ്ങഠംക്കിടയിൽ മനുഷ്യവർഗത്തിന് ജീവിക്കാൻ സാധിക്കാത്ത ഒരു ചുററുപാട് ഭൂമിയിൽ ഉണ്ടായിത്തീരുമെന്നുമുള്ള ബോധം വ്യാപകമായ തോതിൽ ഉളവാക്കിയത്.

ഏതാണ്ട് ഇതേകാലത്തുതന്നെ ബ്രിട്ടനിലെ പരിസ്ഥിതിവിജ്ഞാനം സംബന്ധിച്ച മാസികയായ 'ദി ഇക്കോളജിസ്റ്റ്' തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയ 'അതിജീവിക്കുവാൻ ഒരു മാർഗദർശനരേഖ' (A Blue Print for Survival) എന്ന ഗ്രന്ഥം, ഇന്നു ജീവിക്കുന്ന പലരുടെയും കാലത്തുതന്നെ വ്യവസായവത്ക്കൃതസാമ്പത്തികസഭ്യത തകർന്നു തരിപ്പണമാകുമെന്നു പ്രവചിച്ചു. അനന്തമായ സാമ്പത്തികവൃദ്ധിയിൽ ഉള്ള കമ്പം വ്യവസായവൽക്കൃതരാജ്യങ്ങഠം കൈവെടിഞ്ഞേ പററൂ എന്ന് ഈ പുസ്തകം യുക്തിയുക്തം വാദിച്ചു. ഈ അഭിപ്രായഗതി ബ്രിട്ടനിലെ പ്രമുഖ ശാസ്ത്രജ്ഞരും വ്യവസായനേതാക്കളും പിൻതാങ്ങി.

കാനഡയിലെ ഗവണ്മെൻറിന്റെ പതിന്നാലു ഡിപ്പാർട്ടുമെൻറുകഠം ചേർന്ന് മോൺട്രിയൽ, മാക്ഗിൽ എന്നീ യൂണിവേഴ്സിററികളിലെ പല വിഭാഗങ്ങളിലെ പ്രൊഫസ്സർമാരുടെ സഹകരണത്തോടെ തയ്യാറാക്കിയ 'കൺസർവർ സൊസൈററി റിപ്പോർട്ട്' എന്ന രേഖയും ചിന്തിക്കുന്നവരുടെയിടയിൽ അഗാധമായ സ്വാധീനം ചെലുത്തുകയുണ്ടായി. ഭാവിയിൽ കാനഡയുടെ വ്യാവസായികവളർച്ചയ്ക്ക് താഴെപ്പറയുന്ന അഞ്ചു മാതൃകകഠം ഈ റിപ്പോർട്ട് നിർദേശിച്ചു: 1. സമകാലനില (കൂടുതൽ വിഭവങ്ങളുപയോഗപ്പെടുത്തി കൂടുതൽ ഉല്പാദിപ്പിക്കുക), 2 വിഭവങ്ങഠം സുരക്ഷിതമായി നിർത്തിക്കൊണ്ടുള്ള വൃദ്ധി (കുറച്ചു വിഭവങ്ങഠം ഉപയോഗിച്ച് കൂടുതൽ ഉല്പാദിപ്പിക്കുക), 3. ഉയർന്ന നിലവാരത്തിൽ സ്ഥിരസ്ഥിതി (കുറച്ചു വിഭവങ്ങളുപയോഗിച്ച് ഇപ്പോഴുള്ളത്ര ഉല്പാദിപ്പിക്കുക), 4. ബൗദ്ധമാർഗം (കുറച്ചു വിഭവങ്ങഠം ഉപയോഗിച്ച് കുറച്ച് ഉല്പാദിപ്പിക്കുക), 5. അമിതവ്യയസമുദായം (കൂടുതൽ വിഭവങ്ങഠം ഉപ

യോഗിച്ച് കുറച്ച് ഉല്പാദിപ്പിക്കുക). ഇവയിൽ രണ്ടാമത്തെ മാതൃകയാണ് ഏററവും യുക്തിസംഗതവും സ്വീകാര്യവുമായി തെരഞ്ഞെടുക്കപ്പെട്ടതു്. പൊതുമേഖലയിലും സ്വകാര്യമേഖലയിലും ധൂർത്ത് ഒഴിവാക്കിക്കൊണ്ട്, പ്രകൃതിയുമായി സമരസപ്പെട്ടുപോകുമാറ്, സാമ്പത്തിക പ്രയത്നങ്ങളെ നിയന്ത്രിക്കുകയും ഭൗതികവിഭവങ്ങൾക്കും മനുഷ്യർക്കും ദീർഘായുസ്സ് നൽകി അവയെ സംരക്ഷിക്കുകയും ചെയ്യുകവഴി വൃദ്ധിസാധ്യമാക്കുന്ന ഈ മാതൃക നടപ്പിൽ വരുത്തിയാൽ, ഇന്നത്തെ മാനുഷിക മൂല്യങ്ങളിൽ അടിസ്ഥാനപരമായ മാററം വരുത്താതെതന്നെ മനുഷ്യരുടെ പെരുമാററത്തെ മാററിത്തീർക്കാൻ കഴിയുമെന്നു് ഈ റിപ്പോർട്ട് തയ്യാറാക്കിയവർ അവകാശപ്പെട്ടു. 1975 ജൂലൈയിൽ ആണു് ഈ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയതു്. പ്രകൃതിവിഭവങ്ങളുടെ ദുർവ്യയം ഒഴിവാക്കാൻ ഈ റിപ്പോർട്ടിൽ താഴെപ്പറയുന്ന മാർഗങ്ങൾ നിർദേശിച്ചിരുന്നു.

1. അധികം ഉപയോഗംവരാത്ത ഒഴിവുകാലവസതികൾ മുതലായവ, ഏതാനും ചില കുടുംബങ്ങളുടെ സ്വകാര്യസ്വത്തായിവയ്ക്കാതെ, പലർ ചേർന്നു് വാടകയ്ക്കെടുത്തു് അനുഭവിക്കുന്നതു പ്രോത്സാഹിപ്പിക്കുക.

2. സ്കൂളുകൾ, സർക്കാർ ആപ്പീസുകൾ, ബാങ്കുകൾ മുതലായ സ്ഥാപനങ്ങളുടെ പ്രവൃത്തിസമയം പലതാക്കുക. ഇതിൻഫലമായി, ഗതാഗതസൗകര്യങ്ങൾ അമിതമായി വർധിപ്പിക്കാതെതന്നെ എല്ലാവർക്കും അതതു സമയത്തു പ്രവർത്തിസ്ഥലത്തെത്താൻ കഴിയും.

3. കേടു വന്നാൽ ഉരുക്കിയോ മറേറാ വീണ്ടും ഉപയോഗിക്കാവുന്ന സാധനങ്ങൾമാത്രം നിർമിക്കുക. എണ്ണ, കൽക്കരി എന്നിവയ്ക്കു പകരം സൂര്യപ്രകാശം ഉപയോഗിക്കുക.

4. ആളില്ലാത്ത മുറികളിൽ വിളക്കു കത്തിക്കാതിരിക്കുക. കാറ് കുറച്ചുമാത്രം ഓടിക്കുക. ചെറിയ സാധനങ്ങൾക്കു വലിയ പാക്കിങ് കൊടുക്കാതിരിക്കുക. അങ്ങനെ ചെലവ് പൊതുവെ കുറയ്ക്കുക.

5. സാധനങ്ങളുടെ വില നിശ്ചയിക്കുമ്പോൾ, സാധനനിർമാണഘട്ടത്തിലുണ്ടാവുന്ന മലിനീകരണം തടയാൻ വേണ്ട ചെലവുകൂടി കണക്കാക്കുക. പുനർനവീകരിക്കാനാകാത്ത വിഭവങ്ങൾകൊണ്ടുണ്ടാക്കുന്ന സാധനങ്ങൾക്ക് വർധിച്ച വില നിശ്ചയിക്കുക.

6. സ്വതന്ത്രവിപണിക്ക് കാര്യങ്ങൾ വിട്ടുകൊടുക്കാതെ, പൊതുമേഖലയും സ്വകാര്യമേഖലയും തമ്മിൽ കൂട്ടിയിണക്കി പ്രകൃതിവിഭവദുർവ്യയം തടയുക.

പശ്ചിമയൂറോപ്പിലെ അതിസമ്പന്നരാഷ്ട്രമായ സ്വീഡനിലെ ഗവണ്മെൻറിൻെറ 'ഭാവി പഠനങ്ങൾക്കുള്ള സെക്രട്ടേറിയററി'ലെ കോറൻബാക്ക്സ്ട്രാൻഡ്, ലാർസ് ഇൻ ഗെൽസ്റ്റാം എന്നിവർ ചേർന്നു പ്രസിദ്ധപ്പെടുത്തിയ 'എത്രയായാലാണു മതിയാവുക? മറെറാരു സ്വീഡൻ' എന്ന പ്രബന്ധം വളരെയധികം വാദപ്രതിവാദങ്ങൾക്കു വഴിയൊരുക്കിയ ഒരു രേഖയാണ്. സ്വീഡനിലെ ജനങ്ങൾ എണ്ണയുടെയും മാംസത്തിൻെറയും ഉപഭോഗം കുറയ്ക്കുകയും വീടുകൾ കൂടുതൽ ലാഭകരമായി ഉപയോഗപ്പെടുത്തുകയും, നിത്യോപയോഗസാധനങ്ങളുടെ ഈടു് കൂട്ടുകയും, കാറുകളിൽ സ്വകാര്യഉടമ നിർത്തലാക്കുകയും വേണമെന്നു് ഈ പ്രബന്ധം നിർദേശിച്ചു.

അമേരിക്കയിലും യൂറോപ്പിലുമുള്ള ഹിപ്പികളും മിതവ്യയക്കാരും തമ്മിൽ ജീവിതത്തിൻെറ എളിമ എന്ന അംശത്തിൽ സാമ്യമുണ്ടെങ്കിലും അടിസ്ഥാനപരമായി വ്യത്യാസമുണ്ട്. ഹിപ്പികൾ വ്യാവസായിക സംസ്കൃതിയുടെ എല്ലാ മൂല്യങ്ങളും നിഷേധിക്കുന്നവരാണ്. മിതവ്യയക്കാരാകട്ടെ ആ സംസ്കൃതിയെയും അതിൻെറ മൂല്യങ്ങളെയും നിലനിർത്തുവാൻ വേണ്ടിയാണ് മിതവ്യയത്തിൻെറ ഭാഗത്തു ചേർന്നിട്ടുള്ളതു്.

പ്രകൃതിവിഭവങ്ങളുടെ മിതവ്യയത്തിനുവേണ്ടി വാദിക്കുന്ന ആനുകാലികങ്ങളും പുസ്തകങ്ങളും അമേരിക്കയിൽ വർദ്ധിച്ചുവരികയാണ്. മദർ എർത്ത് ന്യൂസ്, ഹോറം എർത്ത് കാററലോഗ്, റെയ്ൻ, പ്രിവെൻഷൻ, ഓർഗാനിക് ഗാർഡനിങ് എന്നിവ ഇത്തരം ആനുകാലികങ്ങളിൽ ചിലതത്രെ. 'ലളിതജീവിതരീതിക്ക് 99 മാർഗങ്ങൾ' (99 Way to a Simple Life-style) 'മണ്ണുകൊണ്ടു വീടു നിർമിക്കുന്നതു സംബന്ധിച്ച കൈപ്പുസ്തകം' (Hand book for Building Homes of Earth) 'ബൈസിക്കിൾ ട്രാൻസ്പോർട്ടേഷൻ,' നിങ്ങളുടെ കാർ പ്രൊപ്പെയ്ൻകൊണ്ടോ 'മീഥെയ്ൻകൊണ്ടോ ഓടിക്കുന്നതെങ്ങനെ?' കൂടുതൽ പച്ചക്കറി വിളയിക്കുന്നതെങ്ങനെ? 'മെഡിക്കൽ സെൽഫ്കെയർ,' എളിയ ശവസംസ്കാരത്തെപ്പററി ഒരു ഗ്രന്ഥം' മുതലായവ ഇത്തരത്തിൽപ്പെട്ട പുസ്തകങ്ങളത്രെ.

എ. ഡി. 2025 ആകുമ്പോൾ ലോകജനസംഖ്യ ഇന്നത്തേതിന്റെ ഇരട്ടിയാകും. ഇന്ന് ഓരോ അമേരിക്കക്കാരനും ഉപയോഗിക്കുന്നതിന്റെ മൂന്നിലൊന്ന് ഊർജം അന്നു ലോകത്തിലെ ഓരോ മനുഷ്യനും ഉപയോഗിക്കുന്നെന്നു വയ്ക്കുക. ഈ ഊർജം ഉല്പാദിപ്പിക്കുന്നതു കൽക്കരി കത്തിച്ചാണെങ്കിൽ അതിൽനിന്ന് ഉണ്ടാകുന്ന കാർബൺഡൈഓക്സൈഡ് വായുവിൽ പരന്ന് ഭൂമിയുടെ ചൂട് അന്തരീക്ഷത്തിലേക്ക് രക്ഷപ്പെടാതെ തടയുകയും ഇതുമൂലം ഭൂമിയുടെ താപം കണക്കററു ഉയരുകയുംചെയ്യും. ഇത്രയും ഊർജം ഉണ്ടാക്കുവാൻ ആവശ്യമുള്ള 15,000 ആററമിക് റിയാക്ടറുകൾ പ്രവർത്തിക്കുകയാണെങ്കിൽ ആണ്ടുതോറും രണ്ടു കോടി കിലോഗ്രാം പ്ലൂട്ടോണിയം അതിനായി ഉപയോഗിക്കേണ്ടിവരും. ഹിരോഷിമ നശിപ്പിച്ചതരം അണുബോംബുകൾ നാല്പതു ലക്ഷം എണ്ണം നിർമിക്കാൻ ഇത്രയും പ്ലൂട്ടോണിയം മതി. അണുവിഘടനത്തിലൂടെയല്ലാതെ അണുസംയോജനത്തിലൂടെ ഊർജം നിർമിക്കുന്ന പ്രക്രിയയാകട്ടെ, ഇന്ന് ആർക്കും അറിഞ്ഞുകൂടാതാനും. അതിനാൽ അന്നേക്ക് ഊർജനിർമാണത്തിനു കാററ്, ജനപ്രപാതം, സൂര്യപ്രകാശം മുതലായവയെത്തന്നെ ആശ്രയിച്ചേ പററൂ. ഈ വസ്തുത അംഗീകരിച്ച്, 'പ്രകൃതിയോടിണങ്ങിയും ഉപഭോഗം പരമാവധി പരിമിതപ്പെടുത്തിയും ജീവിക്കുന്നതിന് ഇന്നേ തയ്യാറായ കുറെ ആളുകളെങ്കിലും പാശ്ചാത്യരാജ്യങ്ങളിൽ ഇപ്പോൾ ഉണ്ട്. ഇവർ ഭൗതികസമൃദ്ധിയേക്കാൾ കൂടുതൽ കാമ്യത കാണുന്നതു മാനസികസന്തുഷ്ടിയിലാണ്. ഭൗതികസാധനങ്ങളുടെ ഉപഭോഗം അനന്തമായി വർദ്ധിപ്പിക്കുന്നതുകൊണ്ട് ജീവിതസുഖം നേടാനായില്ലെന്നും, ലോകത്തിലെ എല്ലാ മതങ്ങളും പഠിപ്പിക്കുന്നതുപോലെ ലളിതമായ ആദ്ധ്യാത്മികജീവിതം നയിക്കുന്നതിലൂടെ മാത്രമേ യഥാർത്ഥസുഖം കൈവരികയുള്ളു എന്നും ഇവർ ഉറച്ചു വിശ്വസിക്കുന്നു.

ഈ മിതവ്യയ പ്രതിഭാസം സൂചിപ്പിക്കുന്നതു പാശ്ചാത്യരുടെ മനോഭാവത്തിൽ വന്നുചേർന്ന മൗലികമായ ഒരു പരിവർത്തനത്തെയാണോ? അതോ, ഇതും, ഹിപ്പിയിസംപോലെ അവരുടെ തല്ക്കാലത്തെ ഒരു കമ്പംമാത്രമോ? സംഗതി എങ്ങനെ ഇരുന്നാലും സമൃദ്ധിയിൽ മുഴുകി ജീവിക്കുന്ന അത്രയേറെ അമേരിക്കക്കാരും കാനഡക്കാരും ബ്രിട്ടീഷുകാരും സ്വീഡുകളും മററു രാജ്യക്കാരും മിതവ്യയത്തിന്റെ മൗലികമൂല്യത്തെപ്പററി ചിന്തിച്ചു തുടങ്ങിയിരിക്കുന്നു എന്നതു ഒരു യാഥാർത്ഥ്യമാണ്. 'ഈ ലോകത്തിലെ വൈഷയികസുഖങ്ങൾ മാത്രമല്ല, ദിവ്യമായ സ്വർഗാനന്ദംപോലും തൃഷ്ണാക്ഷയസുഖത്തിന്റെ പതിനാറിലൊരംശംപോലും വിലപ്പെട്ടതല്ല' എന്നും, 'ഉപഭോഗം'കൊണ്ടു കാമം ഒരിക്കലും സംതൃപ്തമാകുകയില്ല; മറിച്ചു നെയ്യൊഴിച്ച തീപോലെ അധികമധികം വർദ്ധിക്കുകയേ

ഉള്ള എന്നും പ്രഖ്യാപിച്ച വ്യാസന്റെ മാർഗത്തിലൂടെയാണ് ഇവരും ചിന്തിക്കുന്നത്.

(അവലംബം: 'ബുള്ളററിൻ ഓഫ് ആററമിക് സയൻറിസ്റ്റ്സ്' മെയ് 1978)

24-9-78

# 26. ജീവിതസുഖം

സുഖം എന്നാൽ, എന്താണ്? 'എല്ലാവർക്കും അനുകൂലമെന്നു തോന്നുന്നത് സുഖം' എന്നാണ് ഇന്ത്യയിലെ പ്രാചീനചിന്തകർ സുഖത്തെ നിർവചിച്ചിട്ടുള്ളതു്. ഊന്നൽ 'എല്ലാവർക്കും' എന്നതിലാണെങ്കിൽ, ഭൂരിപക്ഷാഭിപ്രായം നോക്കി സുഖം എന്തെന്നു നിർണയിക്കാവുന്നതാണ്.

ആധുനിക വ്യാവസായികശാസ്ത്രീയസഭ്യതയ്ക്കു് എന്തു നേടാൻ കഴിയുമെന്നതിന്റെ മികച്ച ഉദാഹരണങ്ങളാണല്ലോ പടിഞ്ഞാറെ യൂറോപ്പിലെ രാജ്യങ്ങൾ. വ്യവസായവത്ക്കരണം ഈ രാജ്യങ്ങളിൽ മുമ്പൊരിക്കലും പ്രതീക്ഷിക്കാത്തത്ര സമ്പത്സമൃദ്ധി സൃഷ്ടിച്ചിരിക്കുന്നു. നാട്ടിൽ ഉല്പാദിപ്പിക്കുന്ന സമ്പത്തു് എല്ലാ പൗരന്മാർക്കും പങ്കിട്ടുകൊടുക്കുന്നതിൽ അവിടങ്ങളിലെ ജനാധിപത്യവ്യവസ്ഥിതി ഒരളവോളമെങ്കിലും വിജയിച്ചിട്ടുമുണ്ട്. യഹൂദ—ക്രൈസ്തവ മതങ്ങളുടെ പാരമ്പര്യം ഈ രാജ്യങ്ങളിൽ ദൃഢമായ ഒരു സദാചാരത്തിന്റെ അടിത്തറ പാകുകയും ചെയ്തിരിക്കുന്നു. ഭൗതികമായി എല്ലാ വിധത്തിലും അഭിവൃദ്ധി നേടിയിട്ടുള്ള ഈ രാജ്യങ്ങളിൽ ജനങ്ങൾക്കു സുഖമുണ്ടോ?

'ഉണ്ട്' എന്നാണ് ഈ ചോദ്യത്തിനു് ആ രാജ്യക്കാരുടെ ഭൂരിപക്ഷം നൽകുന്ന ഉത്തരം.

യൂറോപ്യൻ മൂല്യപഠനസംഘം (വാല്യൂ സിസ്റ്റംസ് സ്റ്റഡി ഗ്രൂപ്പ്) 1980—81-ൽ നടത്തിയ ഒരു പഠനത്തിലൂടെയാണ് ഈ ഉത്തരത്തെപ്പററി നാം അറിയുന്നതു്. ബ്രിട്ടൻ, ഫ്രാൻസ്, പടിഞ്ഞാറെ ജർമനി, നെദർലാൻഡ്സ്, ഇററലി, സ്പെയിൻ, ബൽജിയം, ഡൻമാർക്ക്, വടക്കെ ഐർലാൻഡ് എന്നീ ഒമ്പതു രാജ്യങ്ങളിലെ ജനങ്ങളോട് ഈ പഠനസംഘം 302 ചോദ്യങ്ങൾ ചോദിച്ചു. ഈ ചോദ്യങ്ങൾക്ക് 12,463 ജനങ്ങൾ ഉത്തരം നൽകി. ഉത്തരങ്ങളിൽനിന്നു വെളിപ്പെട്ടതു് യൂറോപ്പിലെ ജനങ്ങളിൽ എഴുപത്തഞ്ചു ശതമാനം പേരും തങ്ങൾക്കു സുഖമാണെന്നു കരുതുന്നു എന്നാണ്. നാൽപതു ശതമാനം പേർ കരുതുന്നതു് തങ്ങൾക്കു് 'പരമസുഖം' ആണെന്നത്രെ.

പരസ്പരം വെല്ലുവിളിക്കുന്ന മുതലാളിത്തകമ്യൂണിസ്റ്റ് ചേരികൾക്കിടയിൽ നാൽപതിനായിരത്തോളം അണുബോംബുകളുടെ നിഴലിൽ ജീവിക്കുന്ന ഒരു ജനതയുടെ വീക്ഷണത്തെ പ്രതിഫലിപ്പിക്കുന്നതെന്ന നിലയിൽ ഈ ഉത്തരത്തിനു് പ്രത്യേകം പ്രാധാന്യമുണ്ട്.

തങ്ങൾക്കു് സുഖമാണെന്നു പറയുന്ന യൂറോപ്യന്മാർ 'സുഖ'മെന്നതു കൊണ്ട് ഉദ്ദേശിക്കുന്നതു് എന്താണ്?

'വ്യക്തിപരമായ സംതൃപ്തി' (പേഴ്സണൽ സാററിസ്ഫാക്ഷൻ) എന്നാണ് അവർ സുഖത്തെ നിർവചിക്കുന്നതു്.

'വ്യക്തിപരമായ സംതൃപ്തി'യുടെ ഒന്നാമത്തെ ഘടകം ആരോഗ്യമാകുന്നു. തങ്ങൾക്കു് ആരോഗ്യമുണ്ടെന്നു് അമ്പത്തെട്ടു ശതമാനം യൂറോപ്യരും കരുതുന്നു.